പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1862 | 11/02/2020 ലെ മറുപടിയ്ക്ക് |

## മാധ്യമപ്രവർത്തകർക്ക് ക്ഷേമനിധി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാദേശിക മാധ്യമപ്രവർത്തകർക്ക് നിലവിൽ സർക്കാർ ആനുകൂല്യങ്ങൾ നല്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | എ) & ബി) സംസ്ഥാനത്തെ പത്ര-ദൃശ്യ- ഡിജിറ്റൽ മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധികളിൽ അംഗങ്ങളല്ലാത്ത തൊഴിലാളികൾക്ക് 2008 ലെ അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമ(കേന്ദ്രനിയമം) പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ അംഗങ്ങളാകാ - വുന്നതാണ്. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർ മെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശത പെൻഷൻ, ചികിത്സ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന പദ്ധതി പ്രകാരം ചികിത്സ സഹായം ലഭിക്കുവാൻ അർഹത - യില്ലാത്ത സാഹചര്യത്തിൽ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രി - കളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻപേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വകാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സ സഹായമായി നല്കുന്നതാണ്. |
| ബി) | പ്രാദേശിക മാധ്യമപ്രവർത്തകർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി , ജില്ലാതല തിരിച്ചറിയൽ കാർഡ് എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടി സർക്കാർ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ